# പതിനഞ്ചാം കേരളനിയമസഭ
# പതിമൂന്നാം സമ്മേളനം

## ബഹു. സ്പീക്കറുടെ റൂളിംഗ്
03-03-2025

## നിയമനിർമ്മാണം

## ബില്ലിന്റെ അപാകതകൾ സംബന്ധിച്ച്

2025 മാർച്ച് 3-ാംാം തീയതി നിയമനിർമ്മാണകാര്യത്തിൽ , 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെ അവതരണവേളയിൽ, നിയമം ഭേദഗതി ചെയ്യാനുള്ള അവകാശം നിയമനിർമ്മാണ സഭയ്ക്കാണെന്നിരിക്കെ ബില്ലിലെ എട്ടാം വകുപ്പിൽ ".....ഈ ആക്ടിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക ഭേദഗതി ചെയ്തുകൊണ്ട് ഒരു സർവകലാശാല സ്ഥാപിക്കാവുന്നതാണ് " എന്ന വ്യവസ്ഥ ഇപ്പോൾ പാസ്സാക്കുന്ന ബിൽ സമ്പൂർണ്ണമല്ലെന്ന സൂചന നൽകുന്നതും പട്ടിക ബ്ലാങ്കാക്കി ബിൽ പാസ്സാക്കുന്നത് നിയമപ്രശ്നമാണെന്നും ബില്ലിലെ 14-ാംാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അക്കാദമിക യോഗ്യതകളില്ലാത്ത വ്യവസായി, കലാകാരന്മാർ എന്നിവരെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കാൻ കഴിയുമെന്ന സാഹചര്യം സൃഷ്ടിക്കുമെന്നതും ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നതുവഴി സംസ്ഥാനത്തെ നിലവിലുള്ള സർവ്വകലാശാലകളുടെ തകർച്ചയ്ക്ക് കാരണമാകുമെന്നും സ്വതന്ത്രസർവ്വകലാശാല എന്നാണ് പറയുന്നതെങ്കിലും ഗവേണിംഗ് കൗൺസിലിലെ നാല് ഉപവകുപ്പുകളിലും ഏറ്റവും പ്രധാനപ്പെട്ട എക്സിക്യൂട്ടീവ് കൗൺസിലിലെ നാല് ഉപവകുപ്പുകളിലും ഗവൺമെന്റിന്റെ ശക്തമായ നിയന്ത്രണമുണ്ടാകുമെന്നും സ്വകാര്യ സർവ്വകലാശാലകൾ മൾട്ടിഡിസിപ്ലിനറി സ്ഥാപനങ്ങളായതിനാൽ ഭരണഘടനയിലെ ആർട്ടിക്കിൾ 15(5) പ്രകാരം

സംവരണതത്വങ്ങൾ പാലിച്ച് പ്രവേശനം നൽകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുമെന്നും ബില്ലിലെ ഖണ്ഡം 12(2) പ്രകാരം ഓരോ പഠന കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്കായി നീക്കിവയ്ക്കണമെന്നതും ഖണ്ഡം 30 പ്രകാരം കുട്ടികളുടെ അവകാശങ്ങൾ സ്റ്റാറ്റ്യൂട്ട് മുഖേന നിയന്ത്രിക്കുന്നതും ക്രമേണ ഭരണഘടനയുടെ ആർട്ടിക്കിൾ 15, 16 എന്നിവയുടെ ലംഘനവുമാണെന്നും ഖണ്ഡം 59(3) പ്രകാരം റെഗുലേറ്ററി ബാേഡി തയ്യാറാക്കുന്ന ചട്ടങ്ങൾ നിയമസഭയിൽ കാെണ്ടുവന്ന് അംഗീകരിക്കാൻ നിയമപരമായി സാധിക്കില്ലെന്നതും 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിലെ 62(2)-നുശേഷം കൊണ്ടുവരുന്ന (2 എ) ഉപവകുപ്പിലൂടെ എയ്ഡഡ് കാേളേജ് അധ്യാപകർ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സുപ്രീംകോടതിയുടെ പരിഗണനയിലാണെന്നതിനാലും ബില്ലുകൾ ക്രമവിരുദ്ധമാണെന്ന് അംഗങ്ങൾ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

സർക്കാർ തീരുമാനപ്രകാരമുള്ള നിബന്ധന സ്പോൺസറിംഗ് ബോഡി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷമാണ് ബില്ലിന്റെ 8-ാം വകുപ്പുപ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കുന്നതെന്നും 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കേണ്ടതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടിക ഭേദഗതി ചെയ്യുന്നതിന് നിയമനിർമ്മാണം ആവശ്യമാണെന്നും അതിനാലാണ് ബില്ലിന്റെ എട്ടാം ഖണ്ഡത്തിൽ സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ഒരു നിയമം മുഖേന സർവകലാശാലകളുടെ പേര്, സ്ഥാനം, മറ്റ് വിശദാംശങ്ങൾ എന്നിവ ചേർത്തുകൊണ്ട് പട്ടിക ഭേദഗതി ചെയ്യുന്നതാണെന്ന് പരാമർശിച്ചിരിക്കുന്നതെന്നും പ്രോ-ചാൻസലറുടെ അധികാരങ്ങൾ ബില്ലിൽ വ്യക്തമായി നിർദേശിക്കുകയും അവ

സർവ്വകലാശാലകൾക്കുമേൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തുന്നവിധത്തിലല്ല വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും സർവ്വകലാശാലകളിൽ ഗവേഷണ കൗൺസിൽ രൂപീകരിക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ടെന്നും സർവ്വകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സംസ്ഥാനത്തെ സ്ഥിരതാമസക്കാരായ വിദ്യാർഥികൾക്ക് സ്വകാര്യ സർവ്വകലാശാലകളിൽ 40 ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്നതിലൂടെ വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർഥികളുടെ ഒഴുക്ക് നിയന്ത്രിക്കാനാകുമെന്നും സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുമെന്നും നിലവിലുള്ള സംവരണ നിയമമനുസരിച്ച് പ്രവേശനം നൽകുന്നതിനാൽ ഖണ്ഡം 12(3)-ൽ യു.ജി.സി. മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്നില്ലെന്നും വിദ്യാർഥികൾക്ക് സ്റ്റാറ്റ്യൂട്ടുകൾ വഴി അവകാശങ്ങൾ ഉറപ്പാക്കുന്നതിനാണ് 30-ാം ഖണ്ഡ പ്രകാരം വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ബില്ലിലെ 59-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിക്കുന്ന റെഗുലേറ്ററി ബോഡി പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കി നിയമസഭയിൽ സമർപ്പിക്കുന്നതാണെന്നും എയ്ഡഡ് സ്കൂൾ അധ്യാപകരെ സംബന്ധിച്ച കേസിലാണ് സുപ്രീം കോടതിയുടെ സ്റ്റേയുള്ളതെന്നതിനാൽ 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ കൊണ്ടുവരുന്നതിന് തടസമില്ലെന്നും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വ്യക്തമാക്കി.

സുപ്രീംകോടതി നിർദേശത്തിന് വിധേയമായി ഓരോ സർവ്വകലാശാല രൂപീകരിക്കുമ്പോഴും ഷെഡ്യൂൾ അമെൻഡ് ചെയ്ത് നിയമം ഭേദഗതി ചെയ്യേണ്ടതുണ്ടെന്നും Place of birth ഉം Place of residence ഉം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി നിരവധി ഉത്തരവുകളിലൂടെ വ്യക്തമാക്കിയിട്ടുള്ളതിനാൽ ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയോ

ഭരണഘടനാപരമായ പ്രശ്നങ്ങളോ നിലനിൽക്കുന്നില്ലെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെയും 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെയും അവതരണത്തെ സംബന്ധിച്ച് അംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നങ്ങളിന്മേലും തടസ്സവാദങ്ങളിന്മേലും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും വിശദീകരിച്ചിട്ടുണ്ട്. 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടിക സംബന്ധിച്ചും കരട് ചട്ടങ്ങൾ നിയമസഭയ്ക്ക് സമർപ്പിക്കണമെന്ന ബില്ലിലെ 59-ാംം വകുപ്പിലെ വ്യവസ്ഥകൾ സംബന്ധിച്ചുമുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ പരിഹരിക്കപ്പെടുമെന്നും ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ നിയമ തടസ്സമുള്ളതായി ബോധ്യപ്പെടാത്ത സാഹചര്യത്തിൽ ക്രമപ്രശ്നങ്ങളും തടസ്സവാദങ്ങളും നിലനിൽക്കുന്നതല്ലെന്നും ചെയർ റൂൾ ചെയ്തു.

---

+.